ഉത്തരം

(എ) പന്തിരിക്കര പെൺവാണിഭ കേസ് (പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 373/13) ബഹുമാനപ്പെട്ട കോഴിക്കോട് പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ വിചാരണയിലാണ്.

(ബി) രണ്ട് പ്രതികൾ ഉണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു :

1. ഷാഫി @ ഷാഫി മുഹമ്മദ്, S/o മമ്മു, എടത്തുംകര (H), ആവട്ടുക്ക, ചങ്ങരോത്ത്.
2. ഷഫീഖ്, S/o ഇബ്രാഹിം, മീത്തലെ പാലാട്ടുക്കര (H), തട്ടോരപ്പാറ പി. ഒ., കിഴക്കൻ പേരാമ്പ്ര.

(സി) 5-11-2014 തീയതി ബഹുമാനപ്പെട്ട കോഴിക്കോട് പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ

186 (1891) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് പ്രകാരം അതിക്രമങ്ങളായി പരിഗണിക്കുന്ന കുറ്റകൃത്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാത്ത എത്ര കേസുകളുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമത്തിലെ 3 (1)-ൽ 1 മുതൽ (XV) വരെയും 3 (2)-ൽ 1 മുതൽ (VII) വരെയുമുള്ള വകുപ്പുകൾ പ്രകാരം വിവരിക്കുന്ന കുറ്റകൃത്യങ്ങളാണ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് പ്രകാരം അതിക്രമങ്ങളായി പരിഗണിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 927 കേസുകൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly